**അടിയന്തരപ്രമേയ നോട്ടീസ്**

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ മകളും മകളുടെ കമ്പനിയും പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി.ക്ക് പങ്കാളിത്തമുള്ള സി.എം.ആർ.എൽ. കമ്പനിയിൽനിന്നും നൽകാത്ത സേവനങ്ങൾക്ക് പണം കൈപ്പറ്റിയതായി ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡും ആർ.ഒ.സി.യും കണ്ടെത്തിയതായും സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസിന്റെ അന്വേഷണം നടക്കുന്നതായും പറയപ്പെടുന്ന സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സർവ്വശ്രീ മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. അടിയന്തര പ്രമേയ നോട്ടീസുകൾ അനുമതി സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 52(xi), 53 എന്നിവ അനുസരിച്ച് ഈ നോട്ടീസ് അനുമതി നൽകാൻ കഴിയില്ലെന്ന് അറിയിക്കുകയാണ്.

(അടിയന്തരപ്രമേയ നോട്ടീസിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽനിന്ന് ബഹളം വച്ചു.)

ശ്രീ. വി. ഡി. സതീശൻ: സർ, ഈ അടിയന്തരപ്രമേയം റൂൾ 52-ലെ ഒരു ക്ലോസും ലംഘിക്കുന്നതല്ല. ഞാൻ അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല. പക്ഷേ ഒരു തരത്തിലുള്ള ലംഘനവും ഇതുമൂലമുണ്ടാകുന്നില്ല.

മി. സ്പീക്കർ: അക്കാര്യം ഞാൻ വ്യക്തമാക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട് ഞാൻ ആ ക്ലോസ് വായിക്കാം. Rule 53. ............പ്ലീസ്........(ബഹളം).......... ചെയർ റൂൾ വായിക്കട്ടെ, “ Rule 53. No motion which seeks to raise discussion on a matter pending before any statutory tribunal or statutory authority performing any judicial or quasi-judicial functions or any commission or court of enquiry appointed to enquire into or investigate any matter shall ordinarily be permitted to be moved:” .............. order, order........... ശ്രദ്ധക്ഷണിക്കൽ, ശ്രീ. ഇ. ചന്ദ്രശേഖരൻ, അങ്ങേയ്ക്ക്

ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കാവുന്നതാണ്. ..........(ബഹളം).......

അടിയന്തരപ്രമേയം ഡിസ്പോസ് ചെയ്തിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം മുഴക്കുകയും ബാനർ പ്രദർശിപ്പിക്കുകയും ചെയ്ത് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: പ്ലീസ്...........(ബഹളം)...... അടുത്ത അജണ്ടയിലേയ്ക്ക് കടന്നുകഴിഞ്ഞു.

(ശ്രീ. ഇ. ചന്ദ്രശേഖരൻ)